ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : മുവാറ്റുപുഴ ടി. ബി. യിൽ ഇപ്പോഴും ജനങ്ങൾക്കു താമസിക്കുന്നതിനു വളരെ അസൗകര്യമുണ്ടു്. അതു് ഞങ്ങൾക്കും അനുഭവപ്പെട്ടിട്ടുണ്ടു്. അവിടെ ഭക്ഷണത്തിനുള്ള സൗകര്യമോ, താമസ സൗകര്യമോ ഒന്നുമില്ലാ എന്നുള്ളതിനെ പരിഗണിച്ചും, അതിന്റെ പ്രാധാന്യത്തെയും സ്ട്രാറ്റജിക്കു് ഇംപോർട്ടൻസിനേയും കണക്കിലെടുത്തു് അതിന്റെ പോരായ്മകളും പരിഹരിക്കുന്നതിനു നടപടികളെടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അതിനു സ്ട്രാറ്റജിക്കു് ഇംപോർട്ടൻസുണ്ടോ എന്നറിഞ്ഞുകൂടാ. എന്നിരുന്നാലും അക്കാര്യവും പരിഗണിക്കാം.

ശ്രീ. ഈ. പി. ഗോപാലൻ: ഈ എസ്റ്റിമേറ്റു തയാറാക്കുമ്പോൾ സാനിട്ടറി അറേഞ്ചുമെന്റിന്റെ കാര്യവും ഇലക്ട്രിഫിക്കേഷന്റെ കാര്യവും ഉൾക്കൊള്ളിക്കണമെന്നുള്ള വ്യവസ്ഥ എന്നുമുതൽക്കാണു് ചെയ്യു എന്നുപറഞ്ഞതു്. ഇപ്പോൾ മറ്റു പ്രവൃത്തികളും ഒക്കെ കഴിഞ്ഞു ഇലക്ട്രിഫിക്കേഷനും പൂർത്തിയാകുമ്പോൾ ഫർണിച്ചർ ഇല്ലാ എന്നു പറയും. അപ്പോൾ ഇതെല്ലാം ഒന്നിച്ചു വേണമെന്നുള്ള ഉത്തരവു് എന്നുമുതൽക്കു തുടങ്ങിയതാണു്. മൂന്നുനാലുകൊല്ലമായി പണി പൂർത്തിയായ കെട്ടിടത്തിൽ സാനിട്ടറി അറേഞ്ചുമെന്റും ഇലക്ട്രിഫിക്കേഷനുമെല്ലാം കഴിഞ്ഞിട്ടു് ഫർണിച്ചറില്ലാ എന്നു പറഞ്ഞു് ഇതുവരെ തുറന്നുകൊടുത്തിട്ടില്ല. അങ്ങനെയുള്ള സ്ഥലങ്ങളിൽ ഫർണിച്ചറിനു പകരം പായ് വാങ്ങിക്കൊടുത്താൽമതി. അതുപോലെതന്നെ ഈ കെട്ടിടം കെട്ടിക്കഴിഞ്ഞു് ഈ സൗകര്യങ്ങൾക്കുവേണ്ടി കാത്തുനിൽക്കാതെ നല്ല പായ് വാങ്ങിക്കൊടുക്കാൻ ഏർപ്പാടുചെയ്യുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: ഇപ്പോൾ ഈ സൗകര്യങ്ങളെല്ലാം എസ്റ്റിമേറ്റു തയാറാക്കുമ്പോൾ ഉൾപ്പെടുത്തണമെന്നാണു് തീരുമാനിച്ചിരിക്കുന്നതു്. ചിലപ്പോൾ എസ്റ്റിമേറ്റിൽ ആവശ്യമായ പണികളും എല്ലാം ഉൾക്കൊള്ളിക്കാൻ സാധിച്ചു എന്നു വരികയില്ല. മുമ്പു തയാറാക്കീട്ടുള്ള എസ്റ്റിമേറ്റുതന്നെ പുതുക്കേണ്ടതായിവരും. കാലത്തിനനുസരിച്ചു് എസ്റ്റിമേറ്റുതന്നെ റിവൈസ് ചെയ്യേണ്ടതായിവന്നിട്ടുണ്ടു്. ഈ ബുദ്ധിമുട്ടുകളും എല്ലാം പരിഗണിച്ചു് ഇതിനെല്ലാം ആവശ്യമായ പ്രവർത്തനങ്ങളും നടത്താൻ ഗവണ്മെന്റു് ഇപ്പോൾ ശ്രദ്ധിച്ചുവരികയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : സർ, വടകരയിൽ ഇപ്പോഴുള്ള ടി. ബി. യിൽ ഒരു ഗ്യാലൺ വെള്ളംപോലും കിട്ടാൻ സൗകര്യമില്ല. അക്കാര്യത്തിൽ എന്തെങ്കിലും സൗകര്യം ചെയ്തുകൊടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: അതുസംബന്ധിച്ചു് അന്വേഷിക്കാം.

പാലങ്ങളുടെ പണി

* 960. [24] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു് ബഡ്ജറ്റിൽ തുക കൊള്ളിച്ചിരുന്ന ഏതു പാലങ്ങളുടെ പണി ഇനിയും ആരംഭിക്കാത്തതുണ്ടു് ; അവ ഏതെല്ലാം ;

(ബി) പനത്തുറയിലും, ഇടയാറിലും നിർമ്മിക്കുവാനുദ്ദേശിച്ചിരുന്ന Foot bridege കളുടെ പണി ഇപ്പോൾ ഏതു നിലയിലിരിക്കുന്നു ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ :

(എ) മൂന്നു പാലങ്ങളുടെ പണി ആരംഭിക്കാതുണ്ട്. അവ :—

(1) പനത്തൂറപ്പാലം

(2) മാവിലക്കടവു പാലം

(3) മണ്ഡപത്തിൻകടവുപാലം

(ബി) ഇടയാറിലുള്ള ഫുട്ട് ബ്രിഡ്ജിന്റെ പണി നടന്നുവരുന്നു. പനത്തൂറപ്പാലത്തിന്റെ പണി ആരംഭിച്ചിട്ടില്ല.

ശ്രീ. പി. വിശ്വംഭരൻ : രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതും ഇപ്പോൾ എമർജൻസിയുടെ പേരിൽ മാറ്റിവച്ചിരുന്നതുമായ ഈ പാലത്തിന്റെ പണികൂടി ഇനിയും എമർജൻസിയുടെ പേരിൽ മാറ്റിവയ്ക്കാതെ ഇക്കൊല്ലം തന്നെ അതിന്റെ പണി ആരംഭിക്കാനുള്ള നടപടിയെടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെ ഇക്കൊല്ലംതന്നെ പണി ആരംഭിക്കാം എന്നുപറയാൻ നിവ്വാഹമില്ല. തുടങ്ങിയിട്ടുള്ള വർക്കുകൾതന്നെ പൂർത്തിയാക്കാൻ സാധിക്കുമോ എന്നുള്ളതു സംശയമാണ്.

ശ്രീമതി. ഓ. ടി. ശാരദാകൃഷ്ണൻ : പുതിയ പാലങ്ങളുടെ പണി പൂർത്തിയായിട്ടും സ്വാഭാവികമായി അതിന്റെ അപ്രോച്ച് റോഡുകളുടെ പണിയും മറ്റും പൂർത്തിയാക്കാത്തതുകൊണ്ട് പഴയ പാലങ്ങളിൽക്കൂടി വാഹനങ്ങളും മറ്റും ഡ്രൈവറന്മാർ ഓടിച്ചുവരുന്നതുകൊണ്ട് അപകടങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്നുള്ളതിനെ പരിഗണിച്ചു ഈ അപ്രോച്ച് റോഡുകളും മറ്റും എത്രയും വേഗം പണിപൂർത്തിയാക്കുകയും, പഴയ പാലത്തിൽക്കൂടി ഗതാഗതം നിരോധിക്കുകയും ചെയ്യാൻ വേണ്ട നടപടിയെടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : പുതിയ പാലങ്ങളും പൂർത്തിയാകുന്നതോടുകൂടി പഴയ പാലങ്ങളും ഉപയോഗശൂന്യമായിത്തീരുകയാണ്. അതിൽക്കൂടി ഗതാഗതസൗകര്യം പാടില്ല എന്നു വരുന്നുണ്ട്. അങ്ങനെ ഏതെങ്കിലും കാര്യങ്ങൾ ഉണ്ടെന്നുള്ളതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെടുത്തിയാൽ അതിനു വേണ്ടനടപടികളും എടുക്കാം.

WRITTEN ANSWERS

ആശുപത്രി വികസനം

* 961. [22] ശ്രീ. ഇടിക്കുള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964-65 സാമ്പത്തികവർഷത്തിൽ എത്തെല്ലാം ആശുപത്രികൾ വികസിപ്പിക്കുന്നതിനു ബഹുമാനപ്പെട്ട ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്.

(ബി) പത്തനംതിട്ട താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയുടെ വികസന കാര്യത്തിൽ ഗവണ്മെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

(സി) ഉണ്ടെങ്കിൽ എന്ത് എന്നു പറയുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 1964—65—ലെ ബഡ്ജറ്റു പാസായതിനു ശേഷമേ ഇതു പറയുവാൻ നിർവാഹമുള്ളൂ.

(ബി) ഉണ്ട്.

(സി) 12 ബെഡ്ഡുകളോടുകൂടിയ ഒരു പ്രസവ വാർഡിന്റെ പണി പൂർത്തിയായി. 23-12-63—ൽ തുറന്നിട്ടുണ്ട്

(2) 24 ബെഡ്ഡുകളോടുകൂടിയ ഒരു ജനറൽ വാർഡു പണിയുന്നതിനു വേണ്ട എസ്റ്റിമേറും പ്ലാനും തയ്യാറാക്കുവാൻ പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly